GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

22nd July 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പില്‍ സുതാര്യതയും കൃത്യതയും ഉറപ്പാക്കണം – സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍

വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പില്‍ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥര്‍ ജാഗ്രത പാലിയ്ക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍ കെ. ശശിധരന്‍ നായര്‍ നിര്‍ദ്ദേശിച്ചു. പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഉദ്യോഗസ്ഥര്‍ക്കുള്ള പരിശീലന പരിപാടി ഇന്ന് (ജൂലൈ 22) തിരുവനന്തപുരം തൈയ്ക്കാട് റസ്റ്റ് ഹൗസ് കോണ്‍ഫറന്‍സ് ഹാളില്‍ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരഞ്ഞെടുപ്പ് പ്രക്രിയ ഏറെ സങ്കീര്‍ണ്ണമായതിനാല്‍ കുറ്റമറ്റ രീതിയിലുള്ള തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ ഏറെ ജാഗ്രത പുലര്‍ത്തേണ്ടതുണ്ട്. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നടപടികള്‍ യുക്തിഭദ്രവും നിയമവിധേയവുമായിരിക്കണം. ഇതിന് തിരഞ്ഞെടുപ്പ് നിയമങ്ങളും, ചട്ടങ്ങളും സംബന്ധിച്ച് ശരിയായ അവബോധം നേടേണ്ടതാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആഭിമുഖ്യത്തില്‍ ഉദ്യോഗസ്ഥര്‍ക്കായി നടത്തി വന്ന പരിശീലന പരിപാടി കൂടുതല്‍ വിപുലമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി തിരഞ്ഞെടുപ്പ് കമ്മീഷണര്‍ അറിയിച്ചു.

ഓരോ ജില്ലക്കും ഒരു നോഡല്‍ പരിശലകനേയും, മൂന്നു ജില്ലാ പരിശീലകരേയും ലഭ്യമാക്കുന്നതിനുള്ള പരിപാടിയാണ് ഇന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചത്. റവന്യൂ, പഞ്ചായത്ത്, നഗരകാര്യ വകുപ്പുകളിലെ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥര്‍ പരിപാടിയില്‍ പങ്കെടുത്തു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ സെക്രട്ടറി പി. ഗീത, കെ.ടി. ജോര്‍ജ്, സൂര്യനാരായണന്‍ എന്നിവര്‍ പരിപാടിക്ക് നേതൃത്വം നല്‍കി. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും, മള്‍ട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്റെ പ്രവര്‍ത്തനവും സംബന്ധിച്ചായിരുന്നു പരിശീലനം. ഇപ്പോള്‍ പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തില്‍ ജില്ലാ തലത്തില്‍ കൂടുതല്‍ പരിശീലന പരിപാടികള്‍ സംഘടിപ്പിക്കാനാണ് കമ്മീഷന്‍ ലക്ഷ്യമിട്ടിട്ടുള്ളത്.

*(എസ്.ഇ.സി. 31/2015)*